DWCD/2589/2022-E4

വനിതാ ശിശു വികസന ഡയറക്ടറുടെ കാര്യാലയം
പൂജപ്പുര, തിരുവനന്തപുരം
തീയതി :13-09-2023
Email-directorate.wcd@kerala.gov.in
Phone : 0471 – 2346534

**സർക്കുലർ**

വിഷയം: വനിതാ ശിശു വികസന വകുപ്പ്- ജീവനക്കാര്യം- സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം- വിശദാംശങ്ങൾ ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

സൂചന: വനിതശിശു വികസന ഡയറക്ടറുടെ 04/02/2021 തീയതിയിലെ WCD/E8/12035/2020 നമ്പർ ഉത്തരവ്.

വനിത ശിശു വികസന വകുപ്പിൽ, സീനിയർ ക്ലർക്ക് തസ്തികയിലെ ഒഴിവുകളിൽ ഉദ്യോഗക്കയറ്റത്തിനു പരിഗണിക്കപ്പെടുന്നതിനു സൂചന പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് നിശ്ചിത ടെസ്റ്റ് യോഗ്യത നേടിയിട്ടുമുള്ള ജീവനക്കാർ നാളിതുവരെ ഡിപ്പാർട്ട്മെന്റ് പരീക്ഷകൾ വിജയിച്ചതിന്റെ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടില്ല എങ്കിൽ പ്രസ്തുത രേഖകൾ, ഇതോടൊപ്പമുള്ള പ്രൊഫോർമ സഹിതം 3 ദിവസത്തിനുള്ളിൽ ഇ മെയിൽ മുഖേനെ (wcdestablishment2017@gmail.com) ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു. പ്രസ്തുത രേഖകളുടെ ഒരു പകർപ്പ് തപാൽ മുഖേനയും ലഭ്യമാക്കേണ്ടതാണ്

ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ച് വ്യക്തമായ രേഖപ്പെടുത്തലുകൾ പ്രൊഫോർമയിൽ വരുത്തുന്നതിനും ആവശ്യമായ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നതിനും കാര്യാലയ മേധാവികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്ത ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുവെങ്കിൽ പ്രസ്തുത ജീവനക്കാരുടെ പൂർണ സർവീസ് വിവരങ്ങളും അനുബന്ധ രേഖകൾ സഹിതം കാര്യാലയ മേധാവിമാർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**Signed by Rajila Beevi S**
**Date: 13-09-2023 15:22:00**
SENIOR ADMINISTRATIVE OFFICER

## പ്രൊഫോർമ

| | | |
|---|---|---|
| 1 | ജീവനക്കാരന്റെ പേര്<br>PEN<br>സീനിയോറിറ്റി നമ്പർ & ഉത്തരവ് നം.തിയതി | |
| 2 | ജനന തീയതി | |
| 3 | SC/ST വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളയാളാണോ | |
| 4 | ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യത നേടിയ വർഷം (MOP, ACCOUNT TEST L/H) സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യുക) | |
| 5 | ജോലിയിൽ പ്രവേശിച്ച നിയമന ഉത്തരവ് നമ്പരും തീയതിയും | |
| 6 | ജോലിയിൽ പ്രവേശിച്ച തീയതി | |
| 7 | നിയമനം റഗുലറൈസ് ചെയ്ത പ്രാബല്യ തീയതി. ഉത്തരവ് നമ്പരും തീയതിയും | |
| 8 | പ്രൊബേഷൻ പൂർത്തീകരിച്ച പ്രാബല്യ തീയതി, ഉത്തരവ് നമ്പരും തീയതിയും | |

## <u>സാക്ഷ്യ പത്രം</u>

ശ്രീ/ശ്രീമതി______________________നെ/യെ സംബന്ധിച്ച് പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ടിയാന്റെ സേവന പുസ്തകം പരിശോധിച്ച് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും നൽകിയിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

കാര്യാലയ മേധാവിയുടെ ഒപ്പ്, തീയതി

ഉദ്യോഗപ്പേര്

ഓഫീസ് സീൽ